(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.പി.എൽ./ബി.പി.എൽ. ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

(സി) ടി പദ്ധതിക്കായി സർക്കാർ തലത്തിൽ 2013 ജൂൺ മാസം 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം അനുവദിച്ച് നൽകുകയും ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതിക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional authorisation മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റി-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

ജനനി ജന്മരക്ഷ

278 (645) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കുന്ന ജനനി ജന്മരക്ഷ പദ്ധതിയുടെ സഹായം നാളിതുവരെ എത്രപേർക്ക് ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹരായ എത്ര പേരുടെ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കാനുണ്ട് ; കാലതാമസത്തിനുള്ള കാരണമെന്ത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സഹായം ലഭ്യമായിട്ടും ആദിവാസിമേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് അന്വേഷിച്ചിട്ടുണ്ടോ ; അറിയിക്കുമോ ;

(ഡി) ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിവിധ പദ്ധതികളുടെ സഹായം പ്രസ്തുത മേഖലയിലെ ഗുണഭോക്താക്കളിൽ എത്തുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുമോ ?

ഉത്തരം

(എ) 11850 പേർക്ക് ജനനി ജന്മരക്ഷ പദ്ധതി സഹായം ലഭിച്ചിട്ടുണ്ട്.

(ബി) അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും/മുലയൂട്ടുന്ന അമ്മമാരുടെയും അപേക്ഷകൾ പരിഗണിച്ച് ശുദ്ധ ഗുകകൾ നൽകി വരുന്നു. നാളിതുവരെ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തരം മണിയോർഡറായാണ് ഗുക അയച്ചിരുന്നത്. വിവിധ കാരണങ്ങളാൽ ചിലത് മടങ്ങി വന്നിട്ടുണ്ട്. ആയത് അർഹരായവർക്ക് നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ മേഖലാ ഓഫീസ് മുഖാന്തരം ശുദ്ധ ഗുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ടി ഗുക വിതരണം ചെയ്യുവരികയും ചെയ്യുന്നു.

(സി) ആദിവാസി മേഖലകളിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യം നിലവിലില്ല.

(ഡി) ആദിവാസി മേഖലകളിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ ഫലം യഥാസമയം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലെ വീടില്ലാത്തവർക്ക് ഭവന പദ്ധതി

279 (646) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും സ്വന്തമായി വീടില്ലാത്തവരുമായ ആളുകൾക്ക് ഈ സർക്കാർ വീട് വച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്കെന്നും ഏതെല്ലാം ജില്ലകളിലെന്നും തരംതിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly